(എഫ്) 1. ശ്രീ. ആർ. എം. പരമേശ്വരൻ—ചെയർമാൻ
2. ,, .ഗോപാലകൃഷ്ണപിള്ള—സ്പെഷ്യൽ സെക്രട്ടറി—ഡയറക്ടർ (വ്യവസായം)
3. ശ്രീ. കെ. ശിവശങ്കരൻ നായർ, അഡീഷണൽ സെക്രട്ടറി—ഡയറക്ടർ (ധനകാര്യം)
4. ശ്രീ. എസ്. കേശവൻകുട്ടി നായർ } ഡയറക്ടർ
5. ,, ആർ. ദാമോദരൻ നായർ }
(കെ.എസ്.ഐ.ഡി.സി. പ്രതിനിധികൾ)
6. ശ്രീ. ഹരികുമാർ ശ്രീധർ } കെ.എഫ്.സി.
7. ,, ചെറിയാൻകുഞ്ഞ് } പ്രതിനിധി
8. ശ്രീ. വൈ. ഷാഹുൽഹമീദ് റാവുത്തർ—ഡയറക്ടർ (അനൗദ്യോഗിക മെമ്പർ)
9. ശ്രീ. കെ. കെ. ഹേമചന്ദ്രൻ—മാനേജിംഗ് ഡയറക്ടർ-ഇൻ-ചാർജ്
10. ,, സി.ജി.ബാലചന്ദ്രനെ ഡയറക്ടർ ആയി നോമിനേറ്റ് ചെയ്തിട്ടുണ്ട്. അടുത്ത ജനറൽ ബോഡിയിൽ തിരഞ്ഞെടുപ്പു നടത്തും.

ചാലക്കുടി റിഫ്രാക്ടറീസ് സ്ഥാപനത്തിലെ തൊഴിലാളികൾ

1021. [1519] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലുള്ള ചാലക്കുടി റിഫ്രാക്ടറീസ് എന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ട് എത്ര വർഷമായി ;

(ബി) കമ്പനിയും തൊഴിലാളി യൂണിയനുകളും തമ്മിൽ ഉണ്ടാക്കിയ ദീർഘകാല കരാറിന്റെ കാലാവധി തീർന്നിട്ട് എത്ര വർഷമായി ;

(സി) പുതിയ കരാർ എന്ന് നടപ്പിലാക്കും ;

(ഡി) കമ്പനിയുടെ വികസന പ്രവർത്തനത്തിന് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ, എന്നത്തേക്ക് നടപ്പിലാക്കും ;

(എഫ്) നാലുകൊല്ലം മുമ്പ് കമ്പനിയുടെ വികസനത്തിനു വാങ്ങിയ യന്ത്രങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ ;

(ജി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(എച്ച്) ഈ യന്ത്രങ്ങൾ ഇതിനകം ഫിറ്റ് ചെയ്തു കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) 1979 ഏപ്രിൽ ഒന്നിനാണ് ഏറ്റവും അവസാനമായി കൂലി വർദ്ധനവ് നടപ്പിലാക്കിയത്.

(ബി) സ്റ്റാഫുമായുള്ള കരാറിന്റെ കാലാവധി 31-3-1982-നും തൊഴിലാളികളുമായുള്ള കരാർ 31-3-1983-നും അവസാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ കരാർ ഒപ്പ് വച്ചിട്ടില്ല. ഇതു സംബന്ധമായ ചർച്ചകൾ നടന്നുവരികയാണ്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി 1987-ൽ പൂർത്തിയാകും.

(എഫ്) പല യന്ത്രങ്ങളും ഇപ്പോൾ ഉപയോഗിച്ചു വരുന്നു.

(ജി) വികസന പരിപാടിയിൽ വന്ന മാറ്റങ്ങൾ കാരണം ചില യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(എച്ച്) വികസന പരിപാടിയിൽ വന്ന മാറ്റങ്ങൾ കാരണം ഉപയോഗിക്കാൻ പറ്റാത്ത ചില യന്ത്രങ്ങൾ ഫിറ്റ് ചെയ്തിട്ടില്ല.

ബാംബു കോർപ്പറേഷന്റെ ഡിപ്പോകളിലും ഗോഡൗണുകളിലും പണിയെടുക്കുന്ന തൊഴിലാളികൾ

1022 [1522] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാംബു കോർപ്പറേഷന്റെ ഡിപ്പോകളിലും ഗോഡൗണുകളിലും ദിവസക്കൂലി വ്യവസ്ഥയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ദിവസ കൂലി എത്ര ;

(ബി) പ്രസ്തുത കൂലി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ, ബി) 5-5-1986 മുതൽ ദിവസക്കൂലി 5 രൂപായായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട് .

(സി) ഈ തൊഴിലാളികൾ പീസ് റേറ്റ് ക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതുകൊണ്ട്, സ്ഥിരം തൊഴിലാളികളാക്കാൻ സാധിക്കുകയില്ല.

ചെറുകിട വ്യവസായങ്ങൾക്ക് അനുവദിച്ച വെള്ളമരം

1023 [1523] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1981-82 മുതൽ 1983-84 വരെയുള്ള കാലത്ത് എസ്. എസ്. ഐ. രജിസ്ട്രേഷനുള്ള സംസ്ഥാനത്തെ വ്യവസായസ്ഥാപനങ്ങൾക്ക് വനം വകുപ്പിൽ നിന്നും അനുവദിച്ചുകൊടുത്ത വെള്ള മരത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly